## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2777

7.12.2018 ൽ മറുപടിയ്ക്ക്

### കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുളള ഒ.ബി.സി. വിഭാഗങ്ങൾ

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| | ശ്രീ.പി.ടി. തോമസ് | | ശ്രീ. എ. കെ. ബാലൻ<br>(പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം ഒ.ബി.സി വിഭാഗങ്ങൾക്കാണ് കട്ട് ഓഫ് തീയതി അടിസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത്; | (എ) & (ബി) | SIUC നാടാർ / LC വിഭാഗങ്ങൾക്ക് സ്വാതന്ത്ര്യത്തിനു മുൻപ് മതം മാറിയവർ എന്ന നിലയിൽ കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുണ്ട് . ഈ വിഭാഗങ്ങളിലേക്ക് പിന്നീട് മതം മാറി വരുന്ന ഇതര വിഭാഗം ആളുകൾക്ക് സംവരണത്തിന് അർഹതയില്ല . |
| (ബി) | ഓരോ വിഭാഗത്തിനും ഇത്തരത്തിൽ കട്ട് ഓഫ് തീയതി നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | കട്ട് ഓഫ് തീയതിയിലെ അവ്യക്തത കാരണം ഈ സമുദായക്കാർക്ക് ജാതി/സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | കട്ട് ഓഫ് തീയതിയിൽ അവ്യക്തത ഉള്ളതായി കാണുന്നില്ല .കട്ട് ഓഫ് തീയതിയ്ക്കു മുൻപ് മതം മാറിയവരോ അവരുടെ പിന്മുറക്കാരോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനുള്ള തടസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവ ലഘൂകരിക്കുന്നതിനു സർക്കാർ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട് .അവ അനുബന്ധമായി ചേർത്തിട്ടുണ്ട് . |
| (ഡി) | ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ? | | |

Bindu. T

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ജാതി സർട്ടിഫിക്കറ്റ് - ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ.(എം.എസ്)നം.113/10/പജപവവിവ. തീയതി, തിരുവനന്തപുരം; 04/11/2010

പരാമർശം:- 1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറി തിരുവനന്തപുരം ജില്ലാകളക്ടർക്ക് അയച്ച 18/05/1999-ലെ 17867/ജി1/95/പജപവവിവ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2. 01/09/2008-ലെ 47261/റ്റി2/08/ റവന്യൂ നമ്പർ സർക്കാർ കത്ത്.
3. നിയമസഭാ സെക്രട്ടറിയുടെ 06/10/2009-ലെ 7614/ബി.സി.സി2/2000/ ലെജി. നമ്പർ കത്ത്.
4. കിർത്താഡ്സ് ഡെപ്യൂട്ടി ഡയറക്ടറുടെ 21/06/2010-ലെ വി 85/10 നമ്പർ കത്ത്.
5. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാറുടെ 24/09/1998-ലെ 130/സി2/98 കെ.എസ്.സി.ബി.സി. നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നാമതായി സൂചിപ്പിക്കുന്ന അർദ്ധ ഔദ്യോഗിക കത്തിൽ മുൻപ് മുതൽക്കേ പിന്നോക്കാവസ്ഥയിലുള്ള ലത്തീൻ കത്തോലിക്ക സമുദായാംഗങ്ങൾക്ക്, അതായത് ആദ്യകാലത്ത് ലത്തീൻ കത്തോലിക്കാ സഭയിലേക്ക് മതപരിവർത്തനം ചെയ്ത പിന്നോക്ക വിഭാഗക്കാർക്കും അവരുടെ പിൻതലമുറക്കാർക്കും പിന്നോക്ക സമുദായ സർട്ടിഫിക്കറ്റ് (OBC) നൽകുന്നതിന് വീഴ്ച വരുത്തരുതെന്ന് നിർദ്ദേശം നൽകിയിരുന്നു. അവർ സമർപ്പിക്കുന്ന ചില രേഖകളിൽ ലത്തീൻ കത്തോലിക്ക നാടാർ, ലത്തീൻ കത്തോലിക്ക ഈഴവ, ലത്തീൻ കത്തോലിക്ക മുക്കുവ എന്നിങ്ങനെ ചേർത്തിട്ടുണ്ടെങ്കിലും അവ മറ്റ് പിന്നോക്ക വിഭാഗ പട്ടികയിൽ ചേർത്തിട്ടുള്ള ഔദ്യോഗിക ജാതിപ്പേരല്ലാത്തതിനാൽ ആ പേരിൽ ജാതി സർട്ടിഫിക്കറ്റ് നൽകരുതെന്നും പ്രസ്തുത അർദ്ധ ഔദ്യോഗിക കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ കത്ത് ഒരു ഗവൺമെന്റ് ഉത്തരവല്ലാത്തിനാൽ അതിന് സർക്കാർ ഉത്തരവിന്റെ പിൻബലം ഉണ്ടോയെന്ന് ചില ഉദ്യോഗസ്ഥർ സംശയം പ്രകടിപ്പിക്കുന്നതായും അതനുസരിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ വിമുഖത കാണിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ശേഷം ലത്തീൻ കത്തോലിക്ക സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പരാമർശം ഒന്നിലെ കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മുൻപ് മുതൽക്കേ ക്രിസ്തുമതത്തിലെ ലത്തീൻ കത്തോലിക്ക സഭാവിശ്വാസികളായി ചേർന്നവർക്കും

അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റു നൽകാൻ പാടുള്ളൂ. അതായത് 1947-ന് മുൻപ് കത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ. പുതുതായി ഇതര സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലെ ലത്തീൻ വിഭാഗത്തിൽ ചേർന്നവർക്കോ മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നും ലത്തീൻ കത്തോലിക്ക വിശ്വാസികളായവർക്കോ ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റു നൽകുവാൻ പാടുള്ളതല്ല.

2. 01/09/2008-ലെ 47261/റ്റി 2/08/ആർ.ഡി.നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ മതപുരോഹിതൻ നൽകുന്ന സർട്ടിഫിട്ടക്കറ്റുകളേയോ പൂർണ്ണമായും ആശ്രയിക്കാതെ, അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടേയും വില്ലേജാഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.

3. ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകരുടെ സ്കൂൾ രേഖകളിൽ ചേർത്തിട്ടുള്ള ജാതിയോ ഉപജാതിയോ (ലത്തീൻ കത്തോലിക്ക- ഈഴവ, ലത്തീൻ കത്തോലിക്ക - മുക്കുവ, ലത്തീൻ കത്തോലിക്ക-നാടാർ എന്നിങ്ങനെ) എന്തു തന്നെ ആയിരുന്നാലും റവന്യൂ ഉദ്യോഗസ്ഥൻമാർ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് ലത്തീൻ കത്തോലിക്ക എന്ന് മാത്രമായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പോൾ ആന്റണി
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ,പട്ടം, തിരുവനന്തപുരം
എല്ലാ വകുപ്പു സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
റവന്യൂ വകുപ്പ് (15/06/2010-ലെ 19896/റ്റി 2/2010/റവന്യൂ നമ്പർ കുറിപ്പും
46589/T2/10/RD -നമ്പർ കുറിപ്പും പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടിക-പിന്നോക്ക വിഭാഗ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

Bindu T
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 25638/എഫ് 3/09/പജപവവിവ.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
തിരുവനന്തപുരം, തീയതി: 22.08.2011

## സർക്കുലർ

വിഷയം: പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ലത്തീൻ കത്തോലിക്ക സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്- സംബന്ധിച്ച്.

സൂചന:
1. അച്ചടി വകുപ്പ് ഡയറക്ടറുടെ 17.10.2009- ലെ 18375/09/ഡി 6 നമ്പർ കത്ത്.
2. കിർത്താഡ്സ് ഡയറക്ടറുടെ 20.05.2010 - ലെ ഡി1/122/2010 നമ്പർ കത്ത്.
3. 4.11.2010- ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 13/10/പജപവവിവ.

ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട നിരവധി ആൾക്കാർ മതം മാറി ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട പള്ളികളിൽ ചേരുകയും തഹസീൽദാരിൽ നിന്നും 'ലത്തീൻ കത്തോലിക്ക ' എന്ന ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി എസ്.എസ്.എൽ.സി. ബുക്കിൽ ജാതി ഇപ്രകാരം തിരുത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ സമീപിക്കുന്നതായും ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ സംശയമുള്ളതായും മേൽ സാഹചര്യത്തിൽ ശരിയായ അന്വേഷണം നടത്തിയതിന് ശേഷം മാത്രമോ അല്ലെങ്കിൽ ആന്ത്രാപ്പോളജിക്കൽ സർവ്വേ ആവശ്യമുള്ള കേസ്സുകളിൽ അപ്രകാരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷമോ ജാതി സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കണമെന്നും ഇക്കാര്യത്തിൽ ഒരു സ്പഷ്ടീകരണം വേണമെന്നും സൂചന ഒന്നിലെ കത്തിലൂടെ അച്ചടി വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(2) 1947-ന് മുമ്പ് മതപരിവർത്തനം ചെയ്ത് ആ വിശ്വാസ പ്രകാരം ജീവിച്ചു വരുന്നവർക്കും അവരുടെ പിൻതലമുറയ്ക്കും മാത്രമേ ലത്തീൻ കത്തോലിക്ക സമുദായത്തിന് അനുവദിച്ചു വരുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുള്ളുവെന്നും നാടാർ സമുദായത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് സ്കൂൾ രേഖയിൽ തിരുത്തൽ വരുത്തി കത്തോലിക്ക എന്നാക്കി മാറ്റാൻ നിർവ്വാഹമില്ലായെന്നും സൂചന രണ്ടിലെ കത്തു പ്രകാരം കിർത്താഡ്സ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(3) സൂചന മൂന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ലത്തീൻ കത്തോലിക്ക സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1. *മുൻപ് മുതൽക്കേ ക്രിസ്തുമതത്തിൽ ലത്തീൻ കത്തോലിക്ക സഭാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ. അതായത്, 1947- ന് മുൻപ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ. പുതുതായി ഇതര സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലെ ലത്തീൻ വിഭാഗത്തിൽ ചേർന്നവർക്കോ മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നും ലത്തീൻ വിശ്വാസികളായവർക്കോ ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളതല്ല.*

2. *1.9.2008 -ലെ 47261/റ്റി2/08/ആർ.ഡി. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ മതപുരോഹിതർ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ പൂർണ്ണമായും ആശ്രയിക്കാതെ, അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജാഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.*

3. *ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകരുടെ സ്കൂൾ രേഖകളിൽ ചേർത്തിട്ടുള്ള ജാതിയോ ഉപജാതിയോ (ലത്തീൻ കത്തോലിക്ക - ഈഴവ, ലത്തീൻ കത്തോലിക്ക - മുക്കുവ, ലത്തീൻ കത്തോലിക്ക -നാടാർ എന്നിങ്ങനെ) എന്തു തന്നെ ആയിരുന്നാലും റവന്യൂ ഉദ്യോഗസ്ഥൻമാർ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് ലത്തീൻ കത്തോലിക്ക എന്ന് മാത്രമായിരിക്കണം.*

10. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1) *'ലത്തീൻ കത്തോലിക്ക' ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ സൂചന സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കേണ്ടതാണ്.*

2) *ജാതി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ ഉണ്ടാകുന്ന വീഴ്ചയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാത്രമായിരിക്കും ഉത്തരവാദികൾ.*

3) *സൂചന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നൽകുന്ന സർട്ടിഫിക്കറ്റുകൾ അടിസ്ഥാനമാക്കി മാത്രം ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ജാതി തിരുത്തലിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചാൽ മതിയെന്ന് അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.*

ഡോ. എസ്. സുബ്ബയ്യ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്,കോഴിക്കോട്
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ,തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രചാരണത്തിനായി)
റവന്യൂ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ് (34950/എച്ച് 3/09/ഉവിവ പ്രകാരം)
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

Bindu.T
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(എം.എസ്)നമ്പർ. 9/2013/പിസവിവ. തിരുവനന്തപുരം, 2012 ഏപ്രിൽ 4

പരാമർശം:- (1) 27.6.2012-ലെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ എ2/ബി.സി.ഡി.ഡി./414/2012 നമ്പർ കത്ത്.
(2) 20.10.2012-ലെ കിർത്താഡ്സ് ഡയറക്ടറുടെ ഡി.1/1723/2012 നമ്പർ കത്ത്.

**ഉത്തരവ്**

എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 27.09.1947 എന്ന കാല പരിഗണന ഒഴിവാക്കണമെന്നും ബിഷപ്പ് ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിക്കണമെന്നുമാവശ്യപ്പെട്ടുളള നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരാമർശം(2) - ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായിപരിശോധിക്കുകയുണ്ടായി. എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവ് നിലവിൽ എസ്.ഐ.യു.സി. വിഭാഗത്തിൽപ്പെടുന്ന യാളാണെന്നും, ഗുണഭോക്താവും ടിയാന്റെ പിതാവും 27.09.1947 ന് മുമ്പ് എസ്.ഐ.യു.സി. വിഭാഗത്തിനും ഉൾപ്പെട്ടിരുന്നവരുമാണെന്ന് എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായത്തിന്റെ ബിഷപ്പ് (സി.എസ്.ഐ)നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിച്ച്, ടി രേഖയുടെയും അപേക്ഷകൻ ഹാജരാക്കുന്ന ഇതര രേഖകളുടേയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടേയും അടിസ്ഥാനത്തിൽ എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. ആഷ തോമസ്

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെളളയമ്പലം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്, ചേവായൂർ, കോഴിക്കോട്
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ, തിരുവനന്തപുരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുളള മാനദണ്ഡങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നോക്ക സമുദായ വികസന (എ) വകുപ്പ്

സ.ഉ.(എം.എസ്)നമ്പർ. 25/2014/പിസവിവ. തീയതി, തിരുവനന്തപുരം, 01/11/2014

---

പരാമർശം:- 30.08.2013 - ലെ സ.ഉ.(എം.എസ്) നം.09/2013/പിസവിവ.

## ഉത്തരവ്

എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവ് നിലവിൽ SIUC വിഭാഗത്തിൽപ്പെടുന്നയാളാണെന്നും ഗുണഭോക്താവും ടിയാന്റെ പിതാവും 27.09.1947-ന് മുമ്പ് SIUC വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരുമാണെന്ന് SIUC നാടാർ ക്രിസ്ത്യൻ സമുദായത്തിന്റെ ബിഷപ്പ് (CSI) നൽകുന്ന സർട്ടിഫിക്കറ്റ് മാത്രമേ റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ രേഖയായി പരിഗണിക്കുകയുള്ളൂമെന്നും പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്ന 27.09.1947 എന്ന കാലയളവ് ഒഴിവാക്കിക്കൊണ്ട് CSI ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിച്ച് SIUC നാടാർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. SIUC നാടാർ ക്രിസ്ത്യൻ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും SIUC നാടാർ സമുദായാംഗങ്ങളാണെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിച്ച് ടി രേഖയുടെയും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ SIUC നാടാർ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം വില്ലേജ് ആഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിനെതിരെ വരുന്ന പരാതികൾ 6 മാസത്തിനുള്ളിൽ റവന്യൂ അധികാരികൾ വിശദമായ അന്വേഷണം നടത്തി മതിയായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമാണെന്ന് കണ്ടാൽ നേരത്തെ നൽകിയ ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാവുന്നതുമാണ്. ഇപ്രകാരം ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിന് എതിർപ്പില്ലെന്ന സത്യവാങ്മൂലം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ്

ഗുണഭോക്താവിൽ നിന്നും ബന്ധപ്പെട്ട വില്ലേജ്/ റവന്യൂ അധികാരി വാങ്ങേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. ആഷ തോമസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്, ചേവായൂർ, കോഴിക്കോട്
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ,വെബ്ബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
റവന്യൂ വകുപ്പ്
പിന്നോക്ക സമുദായ വികസന വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

Bindu.T
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച 1.11.2014 - ലെ ജി.ഒ.(എം.എസ്) 25/14/പി.സ.വി.വ. ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പിന്നോക്ക സമുദായ വികസന (എ) വകുപ്പ്

സ.ഉ.(എം.എസ്)നമ്പർ. 4/2015/പിസവിവ. തീയതി, തിരുവനന്തപുരം, 27.01.2015

---

പരാമർശം:- 1. സ.ഉ (എം.എസ്) നമ്പർ 113/10/പജപവവിവ. തീയതി 4/11/2010
2. 22-8-2011 ലെ 25638/എഫ് 3/2009/പജപവവിവ.നമ്പർ സർക്കുലർ.
3. സ.ഉ.(എം.എസ്) നം. 55/2012/പജപവവിവ. തീയതി 4/4/2012
4. 30.08.2013 - ലെ സ.ഉ.(എം.എസ്) നം.09/2013/പിസവിവ.
5. 01.11.2014 - ലെ സ.ഉ.(എം.എസ്) 25/14/പി.സ.വി.വ.

## ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൻമേൽ, പരാമർശം 2 ലെ സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം 3 ലെ ഉത്തരവ് പ്രകാരം പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തുകയുണ്ടായി.

പരാമർശം 4 ലെ സർക്കാർ ഉത്തരവ് പ്രകാരം SIUC നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുകയും പരാമർശം 5 പ്രകാരം ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

ഈഉത്തരവിലെ വ്യവസ്ഥകൾ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കു കൂടി ബാധകമാണെന്ന് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം 5 ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
റ്റി. നെജിമുദ്ദീൻ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ,
വെള്ളയമ്പലം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്, ചേവായൂർ, കോഴിക്കോട്
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ,
തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ,വെബ്ബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
റവന്യൂ വകുപ്പ്
പിന്നോക്ക സമുദായ വികസന വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

Bindu T
സെക്ഷൻ ഓഫീസർ

# പിന്നോക്ക സമുദായ വികസന (ബി) വകുപ്പ്

## കേരള സർക്കാർ

നമ്പർ. 585/ബി3/2016/പി.സ.വി.വ തിരുവനന്തപുരം. തീയതി: 27.02.2016

## സർക്കുലർ

വിഷയം : പിന്നോക്ക സമുദായ വികസന വകുപ്പ്-ലത്തീൻ കത്തോലിക്ക/ SIUC സമുദായങ്ങൾക്ക് ജാതി/സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്, നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

1. 04.11.2010-ലെ സ.ഉ(കൈ) നം. 113/2010/പജ.പവ.വിവ.
2. 30.08.2013-ലെ സ.ഉ(കൈ) നം. 09/2013/പിസവിവ.
3. 04/11/2014 സ.ഉ.(കൈ)നം. 25/2014/പിസവിവ.
4. 09.02.2016 തീയതിയിലെ ബഹു. കേരള നിയമസഭാ സ്പീക്കറുടെ 750/സ്പീക്കർ/2016 നമ്പർ കത്ത്.

ലത്തീൻ കത്തോലിക്ക/എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവ് നിലവിൽ ലത്തീൻ കത്തോലിക്ക/ SIUC വിഭാഗത്തിൽപ്പെട്ടയാളാണെന്നും ഗുണഭോക്താവും ടിയാന്റെ പിതാവും 1947-നു മുമ്പ് ലത്തീൻ കത്തോലിക്ക/ SIUC വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരുമാണെന്ന് ലത്തീൻ കത്തോലിക്ക/ SIUC(CSI) നാടാർ ക്രിസ്ത്യൻ സമുദായങ്ങളുടെ ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ്, മാത്രമേ റവന്യൂ അധികാരികൾ രേഖയായി പരിഗണിക്കുകയുളളൂവെന്നും പരാമർശം 1ഉം 2 ഉം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം 3-ലെ ഉത്തരവ് പ്രകാരം SIUC നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസതുത വ്യക്തിയുടെ പിതാവും SIUC നാടാർ സമുദായംഗങ്ങളാണെന്നും ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിച്ച് ടി രേഖയുടെയും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ SIUC നാടാർ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

പരാമർശം 4-ലെ ഉത്തരവ് പ്രകാരം പരാമർശം 3-ലെ ഉത്തരവിലെ വ്യവസ്ഥകൾ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്ക് കൂടി ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ 1947 എന്ന വർഷം പരാമർശിക്കപ്പെട്ടിരുന്നില്ല.

മേൽ സാഹചര്യത്തിൽ ലത്തീൻ കത്തോലിക്ക വിഭാഗത്തിനും SIUC നാടാർ ക്രിസ്ത്യൻ വിഭാഗത്തിനും അവരുടെ സമുദായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പ്രസ്തുത വിഭാഗക്കാർ 1947-ന് മുമ്പ് ലത്തീൻ കത്തോലിക്ക/ SIUC വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുളളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക/ SIUC സമുദായങ്ങൾക്ക് അവരുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

എല്ലാ ജില്ലാ കളക്ടർമാരും വകുപ്പ് മേധാവികളും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**ഷെറിൻ ഫ്രാൻസിസ്. പി. എഫ്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡയറക്ടർ, കിർത്താഡ്സ്.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ.
റവന്യൂ വകുപ്പ്.
പിന്നോക്ക സമുദായ വികസന വകുപ്പിലെ എല്ലാ ഓഫീസർമാർക്കും.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

അംഗീകാരത്തോടെ
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ് ;- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു. സ്പീക്കറുടെ പി.എസ്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

Bindu. T
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

പിന്നോക്ക വിഭാഗ വികസന (ബി) വകുപ്പ്

തിരുവനന്തപുരം, 23/07/2018

നമ്പർ.BCDD.B1/76/2018-BCDD

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വ. ഡി.രാജു,
പ്രസിഡന്റ്,
കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ,
ലോഗോസ് പാസ്റ്ററൽ സെന്റർ,
നെയ്യാറ്റിൻകര.പി.ഒ
തിരുവനന്തപുരം

സർ,

വിഷയം:- പിന്നോക്ക വിഭാഗ വികസന വകുപ്പ് - ലാറ്റിൻ കാത്തലിക് - സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ നീക്കണമെന്നുള്ള ആവശ്യം സംബന്ധിച്ച്

സൂചന:-
1. 27/02/2016 ലെ 585/B3/2016/പി.സ.വി.വ നമ്പർ സർക്കുലർ.
2. 30/05/2018 ൽ സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർക്ക് അയച്ച 366/ബി1/2017/പി.വി.വി.വ നമ്പർ കത്ത്.
3. 16/05/2018 ൽ ഈ വകുപ്പിൽ ലഭ്യമായ അപേക്ഷ

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 3 പ്രകാരം ലഭ്യമായ അപേക്ഷ സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. '1947 ' എന്ന കട്ട് ഓഫ് ഡേറ്റ് വച്ചിട്ടുള്ളത് വ്യാപകമായി ആളുകൾ മതപരിവർത്തനം, പുനഃപരിവർത്തനം എന്നിവ ചെയ്യുന്നത് ഒഴിവാക്കുന്നതിനും അർഹമായ വ്യക്തികൾക്ക് സാമൂഹ്യാവസ്ഥയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം അനുവദിക്കുന്നതിനുമാണ്. 04 /11 /2010 -ലെ സ.ഉ.(എം .എസ്) നമ്പർ 113 /2010 /പ .ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലത്തീൻ വിഭാഗങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നത് സമഗ്രമായി പ്രതിപാദിച്ച ക്രമപ്പെടുത്തിയിട്ടുള്ള ഉത്തരവാണ്. 1947 ന് മുൻപ് മതം മാറിയ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലുൾപ്പെട്ടവർക്കും അവരുടെ പിന്മുറക്കാർക്കും മാത്രമേ യഥാർത്ഥത്തിൽ സംവരണം അനുവദിക്കാനാവൂ. എന്നാൽ, 1947 ന് മുൻപുള്ള രേഖകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബിഷപ്പുമാർ നൽകുന്ന സാക്ഷ്യപത്രം ഒരു രേഖയായി പരിഗണിച്ച് മറ്റ് അന്വേഷണങ്ങളുടേയും കൂടി അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂചന 2 പ്രകാരം എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 1947 എന്ന വർഷം ഒരു ഉത്തരവിൽ നിന്നും

ഒഴിവാക്കിയിട്ടില്ല. ഒരാൾ 1971 ൽ ജനിക്കുകയും സ്കൂൾ സർട്ടിഫിക്കറ്റിൽ ക്രിസ്ത്യൻ നാടാർ എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരു സാഹചര്യത്തിൽ, ടിയാളുകളുടെ ബന്ധുജനങ്ങളുടേയും കൂടി സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1947 എന്ന വർഷം സ്വാതന്ത്ര്യത്തിന് മുൻപ് മതം മാറിയവർക്കും അവരുടെ അനന്തര തലമുറയ്ക്കും ആനുകൂല്യം അനുവദിക്കുകയെന്ന യുക്തിയുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മാത്രമല്ല, നിരന്തരം മതം മാറുന്നവർക്ക് ജാതി സാക്ഷ്യപത്രം അനുവദിക്കുക എന്നത് പ്രായോഗികവുമല്ല. ഈ സാഹചര്യത്തിൽ 1947 എന്ന വർഷം ഒഴിവാക്കി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നുള്ള ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,<br>
SURESHKUMAR P N<br>
JOINT SECRETARY<br>
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Bindu T

സെക്ഷൻ ഓഫീസർ